പതിമൂന്നാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1749 | 13-7-2011- ൽ മറുപടിക്ക്

## കേരളത്തിലെ നഗരങ്ങളിൽ വൻ തോതിൽ ഉയർന്നുവരുന്ന വില്ലകളും ഫ്ളാറ്റുകളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ നഗരങ്ങളിൽ വൻ തോതിൽ വില്ലകളും ഫ്ളാറ്റുകളും നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന നിലയിൽ ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ ; | (ബി) | നഗരങ്ങളിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക നിബന്ധനകൾ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നഗരാസൂത്രണ പദ്ധതികൾ നിലവിലുള്ള പ്രദേശങ്ങളിൽ, അതാതിടത്തെ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഗ്രീൻ സ്ട്രിപ്പുകൾ, കൃഷി ഭൂമി മേഖലകൾ, ജലാശയ മേഖലകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവിധ നിയന്ത്രണങ്ങൾ കൂടി കെട്ടിട നിർമ്മാണങ്ങൾ നടത്തുമ്പോൾ പാലിക്കേണ്ടതായിട്ടുണ്ട്. പരിസ്ഥിതിക്ക് |

കോട്ടംവരുത്തുന്നകെട്ടിട നിർമ്മാണങ്ങൾക്ക് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) കേരളത്തിൽ പരമാവധി കെട്ടിപ്പൊക്കാവുന്ന കെട്ടിടങ്ങളുടെ ഉയരം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണ നിയമങ്ങൾ കൊണ്ടുവരുമോ ?

(സി) കേരളത്തിനു പൊതുവായി, കെട്ടിടങ്ങളുടെ പരമാവധി ഉയരം നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 32ലും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 36 ലും പ്രതിപാദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ